**15 -ാം കേരള നിയമസഭ**

**14 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 3654** **09-10-2025 - ൽ മറുപടിയ്ക്ക്**

**പുതുതായി കാർഷികരംഗത്ത് കടന്നുവരുന്ന വ്യക്തികൾക്കുള്ള ആനുകൂല്യങ്ങൾ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. എ. സി. മൊയ്തീൻ | | ശ്രീ. പി. പ്രസാദ്<br>(കൃഷി വകുപ്പ് മന്ത്രി) | |
| (എ) | പുതുതായി കാർഷികരംഗത്ത് കടന്നുവരുന്ന വ്യക്തികൾക്ക് എന്തൊക്കെ സൗകര്യങ്ങളും ആനുകൂല്യങ്ങളുമാണ് നൽകി വരുന്നതെന്ന് വിശദമാക്കാമോ; | (എ) | **യുവാക്കൾ, സ്ത്രീകൾ, പ്രവാസികൾ തുടങ്ങി കാർഷിക രംഗത്ത് പുതിയതായി കടന്നു വരുന്നവർക്ക് പ്രത്യേകമായ പിന്തുണ സംവിധാനം കൃഷി വകുപ്പ് ഒരുക്കിയിട്ടുണ്ട്. കൃഷിക്കൂട്ടങ്ങളായി രജിസ്റ്റർ ചെയ്ത കൂട്ടായ്മകൾക്ക് പ്രത്യേകമായി ആനുകൂല്യങ്ങൾ നൽകുന്നതോടൊപ്പം കൂട്ടായ്മകൾ FPO കൾ ആകുന്ന മുറയ്ക്ക് അധിക ആനുകൂല്യങ്ങൾ നൽകി വരുന്നുണ്ട്.**<br><br>**കേരള കാർഷിക സർവ്വകലാശാല, എസ്.എഫ്.എ.സി (SFAC) മുതലായ സ്ഥാപനങ്ങൾ കേന്ദ്രീകരിച്ച് ദ്വിതീയ കാർഷിക മേഖല ആധാരമാക്കിയ കൃഷിക്കും മൂല്യവർദ്ധനവിനും സംരംഭകത്വത്തിനും പ്രത്യേകമായ സഹായങ്ങൾ നൽകുന്നുണ്ട്.**<br><br>**നവീന കൃഷി രീതികൾ, ഡിജിറ്റൽ സാങ്കേതിക വിദ്യകൾ തുടങ്ങിയവ പരിചയപ്പെടുത്തുന്നതിനും പ്രവർത്തി പഥത്തിൽ കൊണ്ട് വരുവാനും പരിശീലനം നൽകുന്നതോടൊപ്പം കൃഷി ഭൂമി ലഭ്യമല്ലാത്ത കർഷകർക്ക് കൃഷി ഭൂമി ഏറ്റെടുത്ത് നൽകുന്ന 'നവോത്ഥാൻ' പദ്ധതി പ്രകാരം കൃഷി ഭൂമിയും യുവ കർഷകർക്ക് നൽകുന്നുണ്ട്.**<br><br>**കൂടാതെ കൃഷി വകുപ്പ് വിളയിട/ വിള അധിഷ്ഠിതമായി നൽകുന്ന എല്ലാ സഹായങ്ങളും പുതിയതായി കാർഷിക രംഗത്ത് വരുന്നവർക്ക് ലഭ്യമാക്കുന്നുണ്ട്.** |
| (ബി) | ഇവർക്ക് കാർഷികരംഗത്ത് മികവ് പുലർത്തുന്നതിനായി വകുപ്പ് എന്തെല്ലാം സഹായങ്ങളാണ് നൽകിവരുന്നത്? | (ബി) | കാർഷിക രംഗത്ത് മികവു പുലർത്തുന്ന കർഷകർക്ക് പ്രോൽസാഹനമായി എല്ലാ വർഷവും കർഷക അവാർഡുകൾ നൽകുന്നു. മികച്ച ശാസ്ത്രീയ അറിവാണ് കാർഷിക മേഖലയിലെ മികവിന്റെ അടിസ്ഥാനം. കൃഷിയിൽ പുതുതായി കടന്നുവന്നവർക്ക് വിവിധ പരിശീലന പരിപാടികൾ മാനവ ശേഷി വികസനവും ATMAയും പോലുള്ള പദ്ധതികളിൽ ഉൾപ്പെടുത്തി നൽകി വരുന്നു. |

| | | | |
|---|---|---|---|
| | | | കാർഷിക രംഗത്തെ നൂതന സാങ്കേതിക വിദ്യകളും അറിവുകളും പദ്ധതികളിലൂടെ പരിചയപ്പെടുത്തുകയും, അവ പ്രായോഗികമായി പുതുതായി കൃഷിയിലേക്ക് കടന്നു വരുന്നവർക്ക് ലഭ്യമാക്കുകയും ചെയ്യുന്നു. കൃഷി ചെയ്യാൻ ഭൂമി ആവശ്യമുള്ളവർക്ക് തരിശ് ഭൂമിയുള്ള കർഷകരുടെ വിവരങ്ങൾ നൽകുകയും ഭൂവുടമയുമായി ചർച്ചകൾ നടത്തുകയും ചെയ്യുന്നു.<br><br>മൂലധന ലഭ്യതയാണ് പ്രശ്നമെങ്കിൽ ബാങ്ക് വായ്പകൾ തരപ്പെടുത്തി നൽകുന്നു. സാങ്കേതിക അറിവുകളാണ് ആവശ്യമെങ്കിൽ കൃഷി വകുപ്പിന്റെ പരിശീലന പരിപാടികൾ, കൃഷി വിജ്ഞാന കേന്ദ്രങ്ങളുമായി ബന്ധപ്പെട്ട പരിശീലനങ്ങൾ എന്നിവ അവർക്ക് നൽകുന്നു. കാർഷിക ഉത്പാദന ഉപാധികളാണ് വേണ്ടത് എങ്കിൽ അവരെ അതിന്റെ ഡിപ്പോകൾ, അഗ്രോ ഫാർമസികൾ അഗ്രോ സർവീസ് സെന്റർ എന്നിവരുമായി ബന്ധപ്പെടുത്തുന്നു. കാർഷിക സേവനങ്ങൾ ആണ് ആവശ്യമെങ്കിൽ കാർഷിക കർമ്മ സേനകളുടെ സേവനം ഉറപ്പ് വരുത്തുന്നു. ഉത്പാദിപ്പിക്കുന്ന ഉത്പന്നങ്ങളുടെ വിപണന സൗകര്യത്തിനായി VFPCK വിപണികൾ, ഹോർട്ടിക്കോർപ്പ്, ഇക്കോ ഷോപ്പ് എന്നിവയുമായി കർഷകനെ ബന്ധപ്പെടുത്തുന്നു. മൂല്യവർദ്ധിത ഉത്പന്ന നിർമ്മാണം ലക്ഷ്യം വയ്ക്കുന്നവർക്ക് അഗ്രികൾച്ചർ ഇൻഫ്രസ്ട്രക്ചർ ഫണ്ട് പോലെയുള്ള പദ്ധതികളുടെ സഹായം ലഭ്യമാക്കാനുള്ള നടപടികൾ സ്വീകരിക്കുന്നു. കൃഷി ചെയ്യുന്ന വിളകൾക്ക് അതിന്റെ വിസ്തൃതിയുടെ അടിസ്ഥാനത്തിൽ അർഹമായ സബ്സിഡികളും നൽകി വരുന്നു. |

സെക്ഷൻ ഓഫീസർ